# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 28.09.2026**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് പൂർത്തിയായി. ഒടുവിൽ ലഭ്യമായ കണക്ക് പ്രകാരം 58.4 ശതമാനം പോളിംഗ് രേഖപ്പെടുത്തി.

2. 2,000 രൂപയ്ക്ക് മുകളിലുള്ള യുപിഐ ഇടപാടുകൾക്ക് ചാർജ് ഏർപ്പെടുത്താനുള്ള കേന്ദ്രസർക്കാർ തീരുമാനം സ്റ്റേ ചെയ്യാൻ വിസമ്മതിച്ച് സുപ്രീം കോടതി.

3. തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ താഴെത്തട്ടിലേക്ക് വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തൂഫാൻ 2.0 യ്ക്ക് സംസ്ഥാനത്ത് തുടക്കം.

4. പേവിഷബാധമുക്ത കേരളം എന്ന ലക്ഷ്യത്തിലെത്താൻ കൂട്ടായ പങ്കാളിത്തം ആവശ്യമെന്ന് മന്ത്രി ബിന്ദു കൃഷ്ണ. 'റാബീസ് ഫ്രീ കേരളം' വാക്സിനേഷൻ കാമ്പയിന്റെ നാലാം ഘട്ടത്തിന് തുടക്കമായി.

5. കർഷക സുരക്ഷ ഉറപ്പാക്കുന്നതിനും വന്യജീവി ആക്രമണങ്ങൾ മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്തുന്നതിനുമായുള്ള കർഷക സുരക്ഷ

RNUTVPM

സംസ്ഥാനതല കോൺക്ലേവ് നാളെ കോഴിക്കോട് നടക്കും.

6. ഏഷ്യൻ ഗെയിംസിൽ, ഇന്നും മലയാളി തിളക്കം. ലോങ്ങ് ജംമ്പിൽ ശ്രീശങ്കറിന് വെള്ളി.

************************

## ഉപതെരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതെരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് പൂർത്തിയായി. ഒടുവിൽ ലഭ്യമായ കണക്ക് പ്രകാരം 58.4 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ പോളിംഗ് കണ്ണൂർ ജില്ലയിലും ഏറ്റവും കുറവ് കോഴിക്കോട് ജില്ലയിലുമാണ്. 38 വാർഡുകളിലായി 126 സ്ഥാനാർത്ഥികളാണ് മത്സര രംഗത്ത് ഉണ്ടായിരുന്നത്. വോട്ടെണ്ണൽ നാളെ രാവിലെ 10 മണിക്ക് ആരംഭിക്കും.

PNU TVPM

************************

## സർജിക്കൽ സ്ട്രൈക്ക്

പാക് അധിനിവേശ കാശ്മീരിലെ ഭീകരകേന്ദ്രങ്ങൾക്ക് നേരെ ഇന്ത്യൻ സൈന്യം നടപ്പാക്കിയ ചരിത്രപ്രധാനമായ സർജിക്കൽ സ്ട്രൈക്കിന് 10 വർഷം തികയുന്നു. 19 ഇന്ത്യൻ ജവാന്മാർ , വീരമൃത്യു വരിച്ച , ഉറി ഭീകരാക്രമണത്തിന് മറുപടിയായി 2016 സെപ്റ്റംബർ 28-29 , തീയതികളിലാണ് സൈന്യം നിയന്ത്രണരേഖ കടന്ന് ആക്രമണം നടത്തിയത്.

************************

## സുപ്രീം കോടതി

2,000 രൂപയ്ക്ക് മുകളിലുള്ള യുപിഐ ഇടപാടുകൾക്ക് ചാർജ് ഏർപ്പെടുത്താനുള്ള കേന്ദ്രസർക്കാർ തീരുമാനം സ്റ്റേ ചെയ്യാൻ വിസമ്മതിച്ച് സുപ്രീം കോടതി. അഭിഭാഷകനായ അഞ്ജൻ ദത്ത സമർപ്പിച്ച പൊതുതാൽപര്യ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. ഇത് സംബന്ധിച്ച് കേന്ദ്രസർക്കാർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവരോട് നാലാഴ്ചയ്ക്കുള്ളിൽ സത്യവാങ്മൂലം സമർപ്പിക്കാനും ചീഫ് ജസ്റ്റിസ് സൂര്യ കാന്ത് ഉൾപ്പെട്ട ബെഞ്ച് നിർദേശിച്ചു. അടുത്ത മാസം 15 മുതലാണ് നിരക്കുകൾ പ്രാബല്യത്തിൽ വരിക.

************************

## വി.ബി-ജി റാം ജി-മന്ത്രി സണ്ണിജോസഫ്

RAJU TVPM

ക്ഷീര കർഷകർ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരമായി സംസ്ഥാനത്തെ ക്ഷീര മേഖലയെ ദേശീയ തൊഴിലുറപ്പ് പദ്ധതിയായ വി.ബി.ജി റാം ജി യുമായി ബന്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമെന്ന് മന്ത്രി സണ്ണി ജോസഫ്. ഉൽപാദന ചെലവുകൾ വർധിക്കുന്നതാണ് നിലവിൽ ക്ഷീരകർഷകർ നേരിടുന്ന പ്രധാന വെല്ലുവിളിയെന്ന് അദ്ദേഹം പറഞ്ഞു. ഉൽപാദന ചെലവുകൾ കുറയ്ക്കുന്നതിനായി നിരവധി ആവശ്യങ്ങൾ ക്ഷീര കർഷകരും സംഘങ്ങളും മുന്നോട്ട് വെച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടതാണ് വിബിജി റാം ജി പദ്ധതിയിൽ ക്ഷീരകാർഷിക മേഖലയെ ഉൾപ്പെടുത്തുകയെന്നതെന്നും മന്ത്രി പറഞ്ഞു.

************************

## രമേശ് ചെന്നിത്തല തൂഫാൻ 2.0 (ഇൻട്രോ)

തൂഫാനിൽ മുഖം നോക്കാതെ നടപടി എടുത്തെന്നും , രാഷ്ട്രീയ സ്വാധീനത്തിന്റെ പേരിൽ ആരേയും കേസിൽ

നിന്നൊഴിവാക്കിയിട്ടില്ലെന്നും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ശക്തമാക്കാൻ ഓപ്പറേഷൻ തൂഫാന്റെ രണ്ടാംഘട്ടത്തിന് തുടക്കം കുറിച്ചുകൊണ്ട് മലപ്പുറം വേങ്ങര മലബാർ കോളജിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയ്സ്..............)

തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ താഴെത്തട്ടിലേക്ക് വ്യാപിപ്പിക്കുകയാണ് തൂഫാൻ 2.0 യിലൂടെ ലക്ഷ്യമിടുന്നത്.

************************

## ഓപ്പറേഷൻ തൂഫാൻ 2.0

തിരുവനന്തപുരം നഗരസഭയിൽ ഓപ്പറേഷൻ തൂഫാൻ 2.0 പരിപാടിയുടെ ഭാഗമായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ നേതൃത്വത്തിൽ റാലി സംഘടിപ്പിച്ചു. മേയർ വിവി രാജേഷ് ഓപ്പറേഷൻ തൂഫാൻ പതാക ഉയർത്തി. ഓപ്പറേഷൻ തൂഫാന് നഗരസഭയുടെ എല്ലാവിധ പിന്തുണയും ഉണ്ടായിരിക്കുമെന്ന് മേയർ പറഞ്ഞു.

RNU TVPM

************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

************************

## പ്രോജക്റ്റ് സീറോ

അഴിമതിക്കെതിരെ സധൈര്യം മുന്നോട്ട് വരാൻ എല്ലാവരും തയ്യാറാകണമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.

സംസ്ഥാന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ അഴിമതിരഹിതവും സുതാര്യവുമായ കേരളം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച **'പ്രോജക്ട് സീറോ'** വിജിലൻസ് കമാൻഡോ പദ്ധതിയുടെ കോഴിക്കോട് റേഞ്ച്തല ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. സമൂഹത്തിൽ നിന്ന് അഴിമതി പൂർണ്ണമായി തുടച്ചുനീക്കുക എന്നതാണ് സർക്കാർ ലക്ഷ്യമെന്നും, അതിലേക്കുള്ള ഉറച്ച ചുവടുവെപ്പാണ് **'പ്രോജക്ട് സീറോ'** പദ്ധതിയെന്നും മന്ത്രി വ്യക്തമാക്കി.

*************************

## മുഖ്യമന്ത്രി - കണ്ണൂർ (ഇൻട്രോ)

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിലെ അന്താരാഷ്ട്ര എയർ കാർഗോ കോംപ്ലക്സും സോളാർ പവർ പ്രോജക്ടും മുഖ്യമന്ത്രി വി. ഡി. സതീശൻ ഉദ്ഘടനം ചെയ്തു. 18 കോടി രൂപ ചെലവഴിച്ചാണ് സൌരോർജ്ജ പ്ലാന്റ് പൂർത്തിയാക്കിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി കെ ഓ ശശിധരൻ ........**

(വോയ്സ്)

RNU TVPM

*************************

## റാബീസ് ഫ്രീ കേരളം- ബിന്ദു കൃഷ്ണ

പേവിഷബാധമുക്ത കേരളം എന്നത് സർക്കാർ സംവിധാനങ്ങളുടെ മാത്രം ഉത്തരവാദിത്തമല്ലെന്നും സമൂഹത്തിന്റെ കൂട്ടായ പങ്കാളിത്തം ആവശ്യമാണെന്നും മന്ത്രി ബിന്ദു കൃഷ്ണ. പേവിഷബാധയിൽനിന്ന് സംസ്ഥാനത്തെ മുക്തമാക്കാൻ ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന 'റാബീസ് ഫ്രീ കേരളം' തീവ്രയജ്ഞ വാക്സിനേഷൻ കാമ്പയിന്റെ നാലാം ഘട്ടത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലത്ത്

നിർവഹിക്കുകയായിരുന്നു മന്ത്രി. സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 27 വരെ നടക്കുന്ന നാലാംഘട്ട കാമ്പയിനിൽ എല്ലാവരും സജീവമായി പങ്കാളികളാകണമെന്നും മന്ത്രി പറഞ്ഞു.

*************************

## കർഷക സുരക്ഷ-കോൺക്ലേവ്

കർഷക സുരക്ഷ ഉറപ്പാക്കുന്നതിനും വന്യജീവി ആക്രമണങ്ങൾ മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്തുന്നതിനുമായി കർഷക സുരക്ഷ-വന്യജീവി സംഘർഷ ലഘൂകരണ സംസ്ഥാനതല കോൺക്ലേവ് നാളെ കോഴിക്കോട് നടക്കും. മന്ത്രി ഷിബു ബേബി ജോൺ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. കൃഷിവകുപ്പ് വനംവകുപ്പുമായി സഹകരിച്ചാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

BINU TVPM

*************************

## ഏഷ്യൻ ഗെയിംസ്

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ, ഇന്നും മലയാളി തിളക്കം. ലോങ്ങ് ജംമ്പിൽ എം.ശ്രീശങ്കറിന് വെള്ളി. പരിക്കേറ്റ് നാലാം റൗണ്ടിൽ ശ്രീശങ്കർ പിന്മാറിയെങ്കിലും മെഡൽ ഉറപ്പിച്ചിരുന്നു. ഇതോടെ ഇന്ന് ആറ് മെഡലുകൾ ഇന്ത്യ സ്വന്തമാക്കി. വനിതകളുടെ 400 മീറ്റർ ഹർഡിൽസിൽ പുതിയ ദേശീയ റെക്കോർഡ് സ്ഥാപിച്ചുകൊണ്ട് വിദ്യ രാംരാജ് വെങ്കല മെഡൽ നേടി. ഇതിഹാസതാരം പി.ടി.ഉഷ നാല് പതിറ്റാണ്ടിലേറെക്കാലം നിലനിർത്തിയിരുന്ന ദേശീയ റെക്കോർഡാണ് വിദ്യ തിരുത്തിക്കുറിച്ചത്. പുരുഷന്മാരുടെ 1,500 മീറ്റർ ഓട്ടത്തിൽ ഗുൽവീർ സിംഗ് വെള്ളിയും വനിതകളുടെ 5,000 മീറ്റർ ഓട്ടത്തിൽ പാരുൾ ചൗധരി വെങ്കല മെഡലും സ്വന്തമാക്കി. വനിതകളുടെ 25 മീറ്റർ പിസ്റ്റൾ വ്യക്തിഗത മത്സരത്തിൽ ഇഷ സിംഗ് വെള്ളി മെഡൽ നേടിയപ്പോൾ, വനിതകളുടെ അണ്ടർ 78 കിലോഗ്രാം വിഭാഗം റെസ് ലിംഗ് കുരാഷ് മത്സരത്തിൽ പിങ്കി

ബൽഹാര വെങ്കല മെഡൽ കരസ്ഥമാക്കി. നിലവിൽ 4 സ്വർണ്ണവും 19 വെള്ളിയും 20 വെങ്കലവും ഉൾപ്പെടെ ആകെ 43 മെഡലുകളുമായി മെഡൽ പട്ടികയിൽ 12-ാം സ്ഥാനത്താണ് ഇന്ത്യ.

*************************

## സ്വച്ഛത ഹി സേവ- പാലക്കാട്

സ്വച്ഛത ഹി സേവ പ്രചാരണ പരിപാടിയുടെ ഭാഗമായി, ദക്ഷിണ റെയിൽവേയുടെ പാലക്കാട് ഡിവിഷൻ കോളേജ് വിദ്യാർത്ഥികളുമായി സംവാദ പരിപാടികൾ സംഘടിപ്പിച്ചു. ശുചിത്വം, ശുചിത്വ പരിപാലനം, പൗരബോധം എന്നിവയെക്കുറിച്ചുള്ള ചർച്ചകളിൽ വിദ്യാർത്ഥികളെയും യുവാക്കളെയും പങ്കാളികളാക്കുന്നതിന്റെ ഭാഗമായാണ് പരിപാടികൾ സംഘടിപ്പിച്ചത്.

*************************

RNUTVPM

## സേവാ സങ്കൽപ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. 'നമോ ഭാരത് റാപ്പിഡ് റെയിൽ' വഴി എങ്ങനെ വികസിത ഭാരതം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കാം എന്നതാണ് 'സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. രാജ്യത്തെ ആദ്യത്തെ റീജിയണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റമായ നമോ ഭാരത് , മണിക്കൂറിൽ 180 കിലോമീറ്റർ വേഗതയിൽ സർവീസ് നടത്താൻ രൂപകൽപ്പന ചെയ്ത സെമി-ഹൈസ്പീഡ് കോറിഡോറാണ്. 30,274 കോടി രൂപ ചെലവഴിച്ചാണ് നമോ ഭാരത് റാപ്പിഡ് റെയിൽ നിർമ്മിച്ചിരിക്കുന്നത്. നമോ ഭാരത് വഴി വേഗതയേറിയ യാത്ര ഉറപ്പാക്കുകയും, ഇന്ത്യയിലെ സംയോജിത നഗര-പ്രാദേശിക ഗതാഗത സംവിധാനത്തിന് പുതിയൊരു മാതൃക സൃഷ്ടിക്കുകയും ചെയ്യുന്നു.

***************************************************************************************************